**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1428** | **31-10-2019 ൽ മറുപടിക്ക്**

**വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി**

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധ വകുപ്പുകളുടെ കൈവശം കാലങ്ങളായി യാതൊരു പദ്ധതി കൾക്കും ഉപയോഗിക്കാതെ ഭൂമി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്രകാരം പത്തു വർഷത്തിലധികമായി യാതൊരു പദ്ധതിക്കുമായി നിർദേശം സമർപ്പിക്കാത്ത സ്ഥലങ്ങൾ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഓരോ ജില്ലാ തലത്തിലും സ്വരൂപിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 08.05.2019 ലെ സ.ഉ (സാധാ) 1077/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) ദീർഘനാളായി യാതൊരു പദ്ധതിക്കും നിർദേശം സമർപ്പിച്ചിട്ടില്ലാത്ത ഭൂമി അതത് വകുപ്പുകൾക്ക് ആവശ്യമില്ലാത്തതായി കണക്കിലെടുത്ത് അവയുടെ ഉടമസ്ഥാവകാശം നില നിർത്തി, ഭൂമി അത്യാവശ്യമായ മറ്റ് വകുപ്പുകൾക്ക് ഉപയോഗാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഇപ്രകാരമുള്ള ഭൂമികൾ അവയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ടി ഭൂമികളുടെ കൈവശാവകാശം ഭൂമി ആവശ്യമുള്ള വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**